# 2016 ജൂലൈ 18-ാം തീയതി കേരള നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയം

"ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അനുകൂല വിധി ബഹുമാനപ്പെട്ട സുപ്രീംകോടതി സ്ഥിരീകരിച്ചിട്ടുള്ളതിനാൽ താഴെപ്പറയുന്ന സ്കൂളുകളുടെ മാനേജർമാർ അവരുടെ സ്കൂളുകൾ അടച്ചുപൂട്ടിയിട്ടുള്ളതും അപ്രകാരം സ്കൂളുകൾ പൂട്ടിയിട്ടുള്ളത് പൊതു താൽപ്പര്യത്തിനും ആ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ താൽപ്പര്യത്തിനും എതിരായതിനാലും;

1. എ.യു.പി സ്കൂൾ, മലാപ്പറമ്പ്,
   കോഴിക്കോട് സിറ്റി വിദ്യാഭ്യാസ ഉപജില്ല,
   കോഴിക്കോട് റവന്യൂ ജില്ല,

2. എ.യു.പി. സ്കൂൾ, പാലാട്ട്,
   കോഴിക്കോട് സിറ്റി വിദ്യാഭ്യാസ ഉപജില്ല,
   കോഴിക്കോട് റവന്യൂ ജില്ല,

3. എ.എം. എൽ. പി. സ്കൂൾ, മങ്ങാട്ടുമുറി,
   കൊണ്ടോട്ടി വിദ്യാഭ്യാസ ഉപജില്ല,
   മലപ്പുറം റവന്യൂ ജില്ല,

4. പി.എം.എൽ.പി. സ്കൂൾ, കിരാലൂർ,
   വടക്കാഞ്ചേരി വിദ്യാഭ്യാസ ഉപജില്ല,
   തൃശ്ശൂർ റവന്യൂ ജില്ല,

കൂടുതൽ കാര്യക്ഷമമായി അവ നടത്തുന്നതിനുവേണ്ടി 1958-ലെ കേരള വിദ്യാഭ്യാസ ആക്റ്റ് (1959-ലെ 6) 15-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ മേൽപ്രസ്താവിച്ച നാല് സ്കൂളുകളും പൊതു താൽപ്പര്യാർത്ഥം ഏറ്റെടുക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നതിനാലും;

1958-ലെ കേരള വിദ്യാഭ്യാസ ആക്റ്റ് (1959 ലെ 6) 15-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധന പ്രകാരം, ഏറ്റെടുക്കുവാനുള്ള സർക്കാരിന്റെ ഉദ്ദേശ്യത്തിന് നിയമസഭ പാസ്സാക്കിയ ഒരു പ്രമേയത്തിന്റെ പിൻബലം ഇല്ലാതെ മേൽപ്പറഞ്ഞ ഉപവകുപ്പ് പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുവാൻ പാടില്ലാത്തതിനാലും;

ഇപ്പോൾ, അതിനാൽ, 1958-ലെ കേരള വിദ്യാഭ്യാസ ആക്റ്റിലെ (1959-ലെ 6) 15-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം, മേൽ പ്രസ്താവിച്ച നാല് സ്കൂളുകൾ ഏറ്റെടുക്കുന്നതിന് വേണ്ടി നിയമസഭയുടെ ഒരു പ്രമേയം പാസ്സാക്കുന്നതിനായി ഈ സഭ ഇതിനാൽ തീരുമാനിക്കുന്നു".

KERALA LEGISLATURE SECRETARIAT

പി.ജയലക്ഷ്മി,
സെക്രട്ടറി-ഇൻ-ചാർജ്ജ്.